LIBRARY ARCHIVES Kerala Legislative Assembly

പി.എസ്.സി. നിയമനങ്ങളിൽ വികലാംഗർക്ക് സംവരണംചെയ്ത 3% തസ്തികകളിലെ നിയമനം

25 (4365) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ലാസ് 1 മുതൽ ക്ലാസ് 2 വരെയുള്ള തസ്തികയിൽ വികലാംഗർക്കായി സംവരണം ചെയ്ത 3% തസ്തികകളിലേക്ക് പി.എസ്.സി. വഴി നിയമനം നടത്തുവാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) വൈകല്യമുള്ള ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്ന കാര്യം പരിഗണിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവോ ; വ്യക്തമാക്കുമോ ;

(സി) വികലാംഗ നിയമനത്തിനായി പ്രത്യേക വിജ്ഞാപനം പുറപ്പെടുവിക്കാൻ ആവശ്യമായ നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത നടപടിക്രമങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ - സി) 2004 മുതലുള്ള വികലാംഗ നിയമനങ്ങളെല്ലാംതന്നെ 3% സംവരണത്തോടെ കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ ഏല്പിച്ചിരിക്കുകയാണ്. 2008 മുതലുള്ള വികലാംഗ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തിവരുന്നുണ്ട്. 2004 മുതൽ 2007 വരെയുള്ള വികലാംഗർക്ക് അർഹതപ്പെട്ട ബാക്ക് ലോഗ് ഒഴിവുകളിലേയ്ക്കുള്ള നിയമനം സംബന്ധിച്ച നടപടികൾ അന്തിമഘട്ടത്തിലാണ്. ടി ഒഴിവുകൾ ഉടൻതന്നെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നികത്തുവാൻ ഉദ്ദേശിക്കുന്നു.

ഹെഡ്ക്വാർട്ടേഴ്സ് നിയമനത്തിലെ സീനിയോറിറ്റി

26 (4367) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പി.എസ്.സി. മുഖേന ജില്ലാതല റിക്രൂട്ട്മെന്റ് നടത്തി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽനിന്നും ഹെഡ്ക്വാർട്ടേഴ്സ് നിയമനം ലഭിച്ചവർ സ്വന്തം ജില്ലയിൽ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിന്റെ ആഫീസ് ഇല്ലാത്തതിനാൽ അന്തർ വകുപ്പ് മാറ്റം വഴി സ്വന്തം ജില്ലയിൽ സേവനം ചെയ്യുമ്പോൾ അവരുടെ സീനിയോറിറ്റി, പ്രൊമോഷൻ മുതലായ ആനുകൂല്യങ്ങൾ നഷ്ടപ്പെടാതിരിക്കുന്നതിന് 8-6-2006-ലെ ഒ.പി.നമ്പർ 4034/03 കോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 1-3-1997-നു ശേഷം നിയമനം ലഭിച്ചവർക്ക് കൂടി ബാധകമാകുന്ന തരത്തിൽ ഉത്തരവാകുന്നതിന് നടപടികൾ സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം എന്തെന്ന് വ്യക്തമാക്കുമോ ?